**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1727** **12-09-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ</th><th colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;</td><td>(എ)</td><td>ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കുക, കൃത്യതയാർന്ന ജലപരിപാലനത്തിലൂടെ വിളകളുടെ ഉത്പാദനക്ഷമത വർധിപ്പിച്ച് കർഷകന്റെ വരുമാനം വർധിപ്പിക്കുക എന്നിവയാണ് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയുടെ പ്രധാനപ്പെട്ട ഉദ്ദേശ്യ ലക്ഷ്യങ്ങൾ.</td></tr>
<tr><td>(ബി)</td><td>വൈപ്പിൻ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>ഉണ്ട്. നായരമ്പലം, എടവനക്കാട്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കാമോ;</td><td>(സി)</td><td>സബ്സിഡി നൽകിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><table>
<tr><th>ക്രമ നം.</th><th>പേര്</th><th>മേൽവിലാസം</th><th>സബ്സിഡി</th></tr>
<tr><td>1</td><td>അനിഫ് ജോസഫ്</td><td>അറക്കൽ ഹൗസ്, നായരമ്പലം</td><td>വാഴ (1 ഏക്കർ)</td></tr>
<tr><td>2</td><td>ബിജോയി എം.ഡി</td><td>മറ്റപ്പിള്ളി ഹൗസ്, നായരമ്പലം.</td><td>(25 സെന്റ്)</td></tr>
<tr><td>3</td><td>സജീവ് പി.എ.</td><td>കാക്കനാട് ഹൗസ്, ഇല്ലത്തുപടി, എടവനക്കാട്.</td><td>(50 സെന്റ്)</td></tr>
</table></td></tr>
<tr><td>(ഡി)</td><td>പ്രസ്തുത പദ്ധതിക്കു വേണ്ടി കർഷകർ അപേക്ഷ സമർപ്പിക്കേണ്ടത് എപ്രകാരമാണെന്നത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?</td><td>(ഡി)</td><td>PMKSY- PDMC പദ്ധതിയിൽ സമർപ്പിക്കേണ്ട അപേക്ഷ ഫോറം ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും, കൃഷിഭവൻ മുഖേനയും കർഷകർക്ക് ലഭിക്കും. അപേക്ഷ പൂരിപ്പിച്ച് ആധാർ കാർഡിന്റെ കോപ്പി, തൻവർഷത്തെ കരം തീർത്ത രസീത്, (സ്ഥലം പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്ന കർഷകർ ഏഴ് വർഷത്തെ പാട്ടക്കരാറും), ബാങ്ക് പാസ് ബുക്കിന്റെ കോപ്പി, പാസ്പോർട്ട് സൈസ് ഫോട്ടോ, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ) എന്നിവ സഹിതം ബന്ധപ്പെട്ട കൃഷിഭവനിലോ, ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലോ തപാൽ മാർഗ്ഗമോ നേരിട്ടോ സമർപ്പിക്കാവുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ